**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3241** **08-10-2025 - ൽ മറുപടിയ്ക്ക്**

**പെരിങ്ങോട്ടുകര - അന്തിക്കാട് - കാഞ്ഞാണി റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര - അന്തിക്കാട് - കാഞ്ഞാണി റോഡ് വർഷങ്ങളായി തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ പെരിങ്ങോട്ടുകര മുതൽ കാഞ്ഞാണി വരെയുള്ള ഭാഗത്ത് അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ ഇട്ട ശേഷം കേരള വാട്ടർ അതോറിറ്റി തന്നെ റോഡ് റെസ്റ്റോറേഷൻ പൂർത്തിയാക്കിയിരുന്നു. അതിന് ശേഷം പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷൻ വലപ്പാടിന് കീഴിലുള്ള RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി റോഡ് പരിപാലിച്ചിരുന്നു. 2024 ഡിസംബർ മാസത്തിൽ KWA JJM പൈപ്പിടൽ പ്രവൃത്തികൾ ആരംഭിച്ചതിനെ തുടർന്നാണ് തൃപ്രയാർ - കാഞ്ഞാണി - ചാവക്കാട് റോഡിൽ ch.0/000 മുതൽ 1/500 വരെയുള്ള ഭാഗത്തും, 1/500 മുതൽ 2/830 വരെയുള്ള ഭാഗത്തും കേടുപാടുകൾ സംഭവിച്ചത്. പൈപ്പിടൽ പ്രവൃത്തിക്ക് ശേഷം ഏറെ വൈകി 2025 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ് പൊതുമരാമത്ത് വകുപ്പിന് റെസ്റ്റോറേഷനായി റോഡ് കൈമാറി ലഭിച്ചത്. എന്നാൽ തുടർന്ന് പെയ്ത ശക്തമായ മഴയിൽ റോഡിന് കൂടുതൽ കേടുപാടുകൾ സംഭവിച്ചു . |
| (ബി) | പ്രസ്തുത റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 0/000 മുതൽ 1/500(പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് പ്രവൃത്തി (General - Combined work B/W 2017-18 Improvements to Thriprayar - Kanjany - Chavakkad road from Km. 0/000 to 1/500 by BM & BC work in Nattika LAC & Deposit work 2024-25 JJM Urgent restoration work to Thriprayar - Kanjany - Chavakkad road Ch.0/000 to 1/075 due to pipe laying of KWA & Deposit work 2023-24 Urgent restoration work to Thriprayar - Kanjany - Chavakkad road Ch.1/075 to 1/500 due to pipe laying of KWA) ഉടമ്പടി വെക്കുകയും പൈപ്പിടൽ പ്രവൃത്തിക്ക് ശേഷം 03/04/2025 തീയതിയിൽ കരാറുകാരന് |

| | | | |
|---|---|---|---|
| | | | നിർമ്മാണസ്ഥലം കൈമാറുകയും ചെയ്തു. GSB ,WMM ഇട്ട് റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. Raising പ്രവൃത്തികൾ പൂർത്തീകരിച്ച് ഒക്ടോബർ മാസത്തിൽ തന്നെ BM ചെയ്യുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. 1/500 മുതൽ 2/830 (പെരിങ്ങോട്ടുകര നാലും കൂടിയ സെന്റർ മുതൽ തോന്ന്യകാവ് അമ്പലം) വരെയുള്ള ഭാഗത്ത് നിലവിൽ GSB, WMM ഇട്ട് റെസ്റ്റോറേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ടാറിംഗ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. 1/500 മുതൽ 5/000 (പെരിങ്ങോട്ടുകര നാലും കൂടിയ വഴി മുതൽ അന്തിക്കാട്) വരെ നബാർഡ് പ്രവൃത്തി NABARD TRANCHE 25 ക്ലോസ് ആയതിനാൽ, പ്ലാൻ ഫണ്ടിൽ നിന്നും തുക ലഭിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ 2/830 മുതൽ 5/000 (തോന്ന്യകാവ് അമ്പലം മുതൽ അന്തിക്കാട്) വരെ KWA-യ്ക്ക് JJM പദ്ധതിയിൽ പൈപ്പുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. പൈപ്പിടൽ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. Ch. 2/830 മുതൽ 5/000 (തോന്ന്യകാവ് അമ്പലം മുതൽ അന്തിക്കാട്) വരെയുള്ള ഭാഗം RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി 36 mm പോട്ട് ഹോൾ ഫില്ലിങ് പ്രവൃത്തി മഴ മാറിയാൽ ഉടൻ തന്നെ പൂർത്തീകരിച്ച് റോഡ് ഗതാഗതയോഗ്യമാക്കാമെന്ന് കരുതുന്നു. 5/000 മുതൽ 7/000 (അന്തിക്കാട് മുതൽ കാഞ്ഞാണി) വരെയുള്ള ഭാഗത്ത് റോഡ് BM & BC പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയത് നിലവിൽ ഗതാഗതയോഗ്യമാണ്. |
| (സി) | പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | 0/000 മുതൽ 1/500 (പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് ബഡ്ജറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 02/01/2026 തീയതിയാണ്. അതിനുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത റോഡിന്റെ നിർമ്മാണത്തോടൊപ്പം അവിടെ ആവശ്യമായ സ്ഥലങ്ങളിൽ കാന, കൾവെർട്ട് എന്നിവയുടെ നിർമ്മാണം നടത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ? | (ഡി) | ഉണ്ട്, 0/000 മുതൽ 1/500 (പെരിങ്ങോട്ടുകര മൂന്നും കൂടിയ സെന്റർ മുതൽ നാലും കൂടിയ സെന്റർ) വരെയുള്ള ഭാഗത്ത് (നിലവിൽ വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ) 1000 മീറ്റർ കാന നിർമ്മാണവും പെരിങ്ങോട്ടുകര, ദേവസ്ഥാനം എന്നിവിടങ്ങളിൽ കൾവർട്ടും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ